# പതിമൂന്നാം കേരള നിയമസഭ

## 9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4011      26/06/13-ൽ മറുപടിയ്ക്ക്

## ലാബ് ടെക്നീഷ്യന്മാരുടെ തസ്തിക

| | ചോദ്യം<br><br>ശ്രീ. രാജു എബ്രഹാം | | ഉത്തരം<br><br>ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബ ക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ലാബ് ടെക്നീഷ്യന്മാരുടെ തസ്തികകൾ അനുവദിച്ചിട്ടുള്ളത് ഏതു വർഷത്തെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ്; ഇതനുസരിച്ച് ഓരോ ആശുപത്രികളിലും വേണ്ട ലാബ് ടെക്നീഷ്യന്മാരുടെ എണ്ണം എത്ര വീതമെന്ന് വ്യക്തമാക്കുമോ; | (എ) | ആരോഗ്യവകുപ്പിൽ 1961 ലെ സ്റ്റാഫ്പാറ്റേൺ അനുസരിച്ചാണ് സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ലാബ് ടെക്നീഷ്യന്മാരുടെ തസ്തികകൾ അനുവദിച്ചിട്ടുള്ളത്. സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ അനുവദിച്ച ചികിത്സാ യൂണിറ്റുകൾ, കിടക്കകളുടെ എണ്ണം തുടങ്ങിയ മാനദണ്ഡങ്ങളനുസരിച്ചാണ് സർക്കാർ ലാബ് ടെക്നീഷ്യന്മാരുടെ എണ്ണം അനുവദിക്കുന്നത്. മെഡിക്കൽ വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ലാബ് ടെക്നീഷ്യന്മാരുടെ തസ്തികകൾക്ക് സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടില്ല. |
| (ബി) | നിലവിൽ സംസ്ഥാനത്തെ പി.എച്ച്.സി, സി.എച്ച്.സി, ടി.എച്ച്.ക്യൂ ആശുപത്രികൾ, ജനറൽ ആശുപത്രി, സ്പെഷ്യാലിറ്റി ആശുപത്രി, മെഡിക്കൽ കോളേജുകൾ എന്നിവയിലോരോന്നിലും ലാബ് ടെക്നീഷ്യൻ തസ്തികകൾ എത്ര വീതമെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ സംസ്ഥാനത്തെ പി.എച്ച്.സി, സി.എച്ച്.സി, ടി.എച്ച്.ക്യൂ ആശുപത്രികൾ, ജനറൽ ആശുപത്രി, സ്പെഷ്യാലിറ്റി ആശുപത്രി, എന്നിവയിലോരോന്നിലും ഉള്ള ലാബ് ടെക്നീഷ്യൻ തസ്തികയുടെ എണ്ണം താഴെക്കൊടുക്കുന്നു<br><br>പി.എച്ച്.സി : 159<br>സി.എച്ച്.സി : 166<br>ടി.എച്ച്.ക്യൂ ആശുപത്രികൾ : 150<br>ജനറൽ ആശുപത്രി : 54<br>സ്പെഷ്യാലിറ്റി ആശുപത്രി : 59<br><br>ഗവ. മെഡിക്കൽ കോളേജ് തിരുവനന്തപുരം - 89<br>ഗവ. മെഡിക്കൽ കോളേജ് കോഴിക്കോട് - 65<br>ഗവ. മെഡിക്കൽ കോളേജ് കോട്ടയം - 55<br>ഗവ. മെഡിക്കൽ കോളേജ് തൃശ്ശൂർ - 66<br>ഗവ. മെഡിക്കൽ കോളേജ് ആലപ്പുഴ - 63 |
| (സി) | പി.എച്ച്.സി മുതലുള്ള എല്ലാ ആശുപത്രികളിലും കുറഞ്ഞത് ഒരു ലാബ് ടെക്നീഷ്യനും ആവശ്യമായ ഉപകരണങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നടപടികൾ സ്വീകരിച്ച് വരുന്നു. |

Sd/-

സെക്ഷൻ ഓഫീസർ